(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് സ്വന്തം കെട്ടിടം പണിയണമെന്ന ആവശ്യത്തിൻമേൽ ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ബി) കെട്ടിടം പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ട്. ബോർഡിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പണി ടെണ്ടർ ചെയ്യാവുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി

198 [1140] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *സ്റ്റീഫൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് വർഷങ്ങളായി പരാതികൾ നൽകിയിട്ടും നടപടിയെടുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ പെന്റിംഗിൽ ഉണ്ടെന്നും അപേക്ഷകർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിന് പ്രത്യേക മുൻഗണനയിൽ കണക്ഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി വിഭാഗത്തിൽ 6153 കണക്ഷനുകൾ നൽകാനുണ്ട്. സർക്കിൾ തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

സർക്കിൾ

1.	മഞ്ചേരി, തിരൂർ	581
2.	വടകര	86
3.	കണ്ണൂർ	80
4.	കോഴിക്കോട്	549
5.	പാലക്കാട്	1524
6.	കൽപ്പറ്റ	104
7.	ഇരിങ്ങാലക്കുട	321
8.	തൃശ്ശൂർ	180
9.	ആലപ്പുഴ	250
10.	പെരുമ്പാവൂർ	351
11.	തൊടുപുഴ	92
12.	പാല	135
13.	തിരുവനന്തപുരം (അർബൻ)	134
14.	തിരുവനന്തപുരം (റൂറൽ)	22
15.	കൊല്ലം	416
16.	കൊട്ടാരക്കര	742
17.	പത്തനംതിട്ട	373
18.	കോട്ടയം	213

സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം

199 [1141] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഇതിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ കോളനികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly